നാം അനിയന്ത്രിതമായ ജനപ്പെരുപ്പത്തിന്റെ ദൂഷ്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ജനസംഖ്യാനിയന്ത്രണത്തിനുള്ള ഏകമാർഗം 'ഏകശിശുകുടുംബം' എന്ന ആദർശം ഉയർത്തിപ്പിടിക്കുകയാണ്. 'നമ്മളൊന്ന്, നമുക്കൊന്ന്' എന്നുതായിരിക്കണം ഓരോ ദമ്പതിമാരുടെയും മുദ്രാവാക്യം. ഈ ലക്ഷ്യം നേടാനാണ് ചൈന ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യ പോകേണ്ടതും ആ വഴിക്കത്രേ.

ഇതു തൽക്കാലം സാദ്ധ്യമല്ലെങ്കിൽ, ജനസംഖ്യ പൊട്ടിത്തഴച്ചു വളരുന്നതു തടയാനെങ്കിലും നാം ആത്മാർത്ഥമായി ശ്രമിക്കണം. ഓരോ കുടുംബത്തിലും രണ്ടു കുട്ടികൾവീതമേ ഉള്ളു എങ്കിൽ രാജ്യത്തിലെ ജനസംഖ്യ വർദ്ധിക്കാതെ സ്ഥിരമായി നിൽക്കും. 'നമ്മൾ രണ്ട്, നമുക്ക രണ്ട്' എന്നതു് ഒരു ആദർശം എന്ന ഇന്നത്തെ നിലവിട്ട്, ഓരോ ദമ്പതിമാരും നിർബന്ധപൂർവം നടപ്പിൽ വരുത്തേണ്ട ഒരു നിയമമായി മാറണം. സ്ത്രീകൾ രണ്ടിൽ കൂടുതൽ പ്രസവിക്കുന്നതു തികച്ചും നിരുത്സാഹപ്പെടുത്തണം. ബഹുസന്താനത കനത്ത ഒരു നാണക്കേടാണെന്നു സമൂഹം കണക്കാക്കിത്തുടങ്ങണം.

ഇന്ത്യയിൽ കുടുംബാസൂത്രണത്തിന്റെ ഭാവി ഭദ്രമല്ല. ജനങ്ങളുടെ ദാരിദ്ര്യവും സ്ത്രീകളുടെ നിരക്ഷരതയും ആകെയുള്ള പിൻനിലയും പാരമ്പര്യപ്രസക്തിയും സന്താനനിയന്ത്രണപ്രവർത്തനങ്ങൾക്ക് അനുകൂലമായ അന്തരീക്ഷമല്ല ഇന്ത്യയിൽ ഉളവാക്കിയിട്ടുള്ളത്. സാധാരണക്കാക്കിടയിൽ ഗണ്യമായ സ്വാധീനമുള്ള നമ്മുടെ മിക്ക മതനേതാക്കളും സന്താനനിയന്ത്രണത്തിന്റെ കടുത്ത ശത്രുക്കളാണ്. എല്ലാററിനുമുപരി, അത്യന്തദുർബലമായ നമ്മുടെ ജനാധിപത്യസംവിധാനത്തിന്, യാഥാസ്ഥിതികശക്തികളുടെ എതിർപ്പിനെ നേരിട്ടു പുരോഗമനപരമായ കുടുംബാസൂത്രണംപോലെയുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ആഗ്രഹമോ, കഴിവോ വളരെ കുറവാകുന്നു.

ഇതിന്റെയെല്ലാം ഫലമായി, ക്രിസ്തുവർഷം 2011–ാമാണ്ട് ആകുമ്പോഴേക്ക ലോകത്തിലെ ഏററവുമധികം ജനസംഖ്യയുള്ള രാജ്യമെന്ന പദവി ചൈനയിൽനിന്ന് ഇന്ത്യ പിടിച്ചുവാങ്ങാനിടയുണ്ട്. അതോടൊപ്പം മററു പല പദവികളും ഇന്ത്യക്ക് അനായാസമായി കൈവരും. ഏററവുമധികം നിരക്ഷരർ ഉള്ള രാജ്യം, ഏററവുമധികം അന്ധരും ബധിരരും മൂകരും വികലാംഗരുമുള്ള രാജ്യം, ഏററവുമധികം രോഗികളുള്ള രാജ്യം, ഏററവുമധികം വേശ്യകളുള്ള രാജ്യം, ഏററവും അധികം ദരിദ്രരുള്ള രാജ്യം, ജീവിതനിലവാരം ഏററവുമധികം താഴ്ന്നുനിൽക്കുന്ന രാജ്യം, ഏററവുമധികം കുററങ്ങൾ ഉള്ള രാജ്യം....അങ്ങനെ എന്തെല്ലാമെന്തെല്ലാം 'ഏററവുമധിക'ങ്ങൾ!

(16 ഫെബ്രുവരി, 1987)

# 5. ഭീകരപ്രവർത്തനങ്ങൾ

രണ്ടാം മഹായുദ്ധത്തിനുശേഷം പാശ്ചാത്യ സാമ്രാജ്യശക്തികളുടെ ആധിപത്യത്തിൽനിന്നു മോചനം നേടിയെങ്കിലും, ഏഷ്യയിലെയും ആഫ്രിക്കയിലെയും തെക്കേഅമേരിക്കയിലെയും മിക്ക ദരിദ്രരാജ്യങ്ങളിലും സമാധാനത്തിന്റെയും സുഭിക്ഷത്തിന്റെയും കാലാവസ്ഥ ഇനിയും പുലന്നിട്ടില്ല. വലുതും ചെറുതുമായ മുപ്പത്തഞ്ചു സംഘട്ടനങ്ങൾ ഇതെഴുതു

മ്പോഴും, ദരിദ്രരാജ്യങ്ങളിൽ നടന്നുവരുന്നുണ്ടു്. ഇവയിൽ, ഇറാനും ഇറാക്കും തമ്മിൽ ഉള്ള സംഘട്ടനംപോലെ ചിലതിനെ മാത്രമേ നാം 'യുദ്ധം' എന്നു വ്യക്തമായി പേരിട്ടു വിളിക്കുന്നുള്ളു. കാരണം, സംഘട്ടനത്തിലേർപ്പെട്ടിരിക്കുന്നതു്, പലേടത്തും, രണ്ടു രാഷ്ട്രങ്ങളല്ല; ഒരേ രാഷ്ട്രത്തിലെ രണ്ടു വ്യത്യസ്ത ജനവിഭാഗങ്ങളാണു്. അതായതു്, പല ദരിദ്രരാഷ്ട്രങ്ങളും ഇന്നു തങ്ങളോടുതന്നെയുള്ള യുദ്ധത്തിൽ മുഴുകിയിരിക്കുകയാകുന്നു.

ഇത്തരം സംഘട്ടനങ്ങളെ ആഭ്യന്തരയുദ്ധങ്ങളെന്നോ, കലാപങ്ങളെന്നോ, ലഹളകളെന്നോ, കുഴപ്പങ്ങളെന്നോ, എങ്ങനെ വേണമെങ്കിലും വിളിക്കാം. അഫ്ഘാനിസ്ഥാനിലും നികരാഗ്വയിലുമെന്നപോലെ, ആഭ്യന്തരസംഘട്ടനങ്ങളിൽ അയൽരാജ്യങ്ങളോ, അവയിലൂടെ വൻശക്തികളോ പരസ്യമായി ഇടപെടാൻ തുടങ്ങുമ്പോഴാണു് 'ആഭ്യന്തരയുദ്ധം' എന്ന കൂടുതൽ കനപ്പെട്ട പേരു് അവയ്ക്കു നൽകപ്പെടുന്നതു്. തമിഴരും സിംഹളരും തമ്മിൽ ശ്രീലങ്കയിൽ നടന്ന ക്രൂരവും മാരകവും ദീർഘവുമായ സംഘട്ടനത്തെ 'കലാപം' എന്നല്ലാതെ 'യുദ്ധം' എന്നു്—ആഭ്യന്തരയുദ്ധം എന്നുകൂടി വിളിക്കാൻ നാം ഇഷ്ടപ്പെട്ടിരുന്നില്ല. ഇന്ത്യയ്ക്കകത്തു് 'ഖാലിസ്ഥാൻ' എന്ന സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടി പാകിസ്ഥാന്റെ സഹായത്തോടെ സിഖ് ഉഗ്രവാദികൾ നടത്തിവരുന്ന സംഘട്ടനത്തിനു 'ഭീകരപ്രവർത്തനം' എന്ന പേരാണു നാം നൽകിയിട്ടുള്ളതു്.

ഏതു പേരിൽ അറിയപ്പെട്ടാലും ഈ ആഭ്യന്തര സംഘട്ടനങ്ങൾ ദരിദ്രരാഷ്ട്രങ്ങളുടെമേൽ പിടിമുറുക്കുന്നതിനു വൻശക്തികൾക്കു് അവസരം നൽകുന്നു. വലുതും ചെറുതുമായ സമ്പന്നരാഷ്ട്രങ്ങൾക്കു്, ആയുധ വ്യാപാരംവഴി വർദ്ധിച്ച തോതിൽ ലാഭം നേടാൻ ഈ സംഘട്ടനങ്ങൾ ഉപകരിക്കുന്നു. സമ്പന്നരാഷ്ട്രങ്ങൾ തങ്ങളുടെ പുതിയ പല ആയുധങ്ങളും യഥാർത്ഥ യുദ്ധ പരിസ്ഥിതിയിൽ പരീക്ഷിച്ചുനോക്കുന്നതു് ഈ സംഘട്ടനങ്ങളിൽവെച്ചാണു്. ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങൾ കൂടുതൽക്കൂടുതൽ ദാരിദ്ര്യത്തിലും നിരക്ഷരതയിലും അനാരോഗ്യത്തിലും അന്ധവിശ്വാസങ്ങളിലും മുഴുകി നശിക്കുന്നതിനു് ഈ സംഘട്ടനങ്ങൾ വഴിയൊരുക്കുന്നു.

ദരിദ്രരാഷ്ട്രങ്ങളിലെ ആഭ്യന്തര സംഘട്ടനങ്ങളുടെ ഒരു ദുഷ്ഫലം, പല പേരുകളിൽ അറിയപ്പെടുന്ന സ്വകാര്യ—അക്രമി—പട്ടാള സംഘങ്ങൾ ഈ സമൂഹങ്ങളിൽ രൂപംകൊള്ളുന്നു എന്നതാണു്. ശ്രീലങ്കയിലെ തമിഴ് വിടുതലൈപ്പുലികൾ, പഞ്ചാബിലെ ഖാലിസ്ഥാൻ വിമോചന സേന, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ പല കലാപസേനകൾ മുതലായവ ഇത്തരം സ്വകാര്യസേനകളിൽ ചിലതാണു്. ഇവയിൽ പലതിനും വിദേശങ്ങളിൽ താവളങ്ങളും പരിശീലനാലയങ്ങളുമുണ്ടു്, വിദേശനിർമിതങ്ങളായ യന്ത്രത്തോക്കുകളും ബോംബുകളും മിസ്സൈലുകളും വെടിക്കോപ്പുകളും മററും ഈ സേനകളിൽ പലതിനും ലഭിക്കുന്നു. ഏതു രാഷ്ട്രത്തിനും വലിയ നീണ്ട കാലത്തേക്കുള്ള വിപത്താണു് ഇത്തരം സ്വകാര്യസേനകൾ.

പല ദരിദ്രരാഷ്ട്രങ്ങളിലും, നിലവിലുള്ള സർക്കാരിനെതിരായാണു് ഈ സ്വകാര്യസേനകൾ സംഘടിപ്പിക്കപ്പെടുന്നതു്. എന്നാൽ, ഏകാധിപത്യപ്രവണങ്ങളോ, ഫാഷിസ്റ്റ് സ്വഭാവമുള്ളവയോ ആയ സർക്കാരുകൾ, നിയമപ്രകാരം നിലവിലുള്ള സൈന്യത്തിനു പുറമേ, നാട്ടിനകത്തുള്ള തങ്ങളുടെ എതിരാളികളെ മർദിച്ചൊതുക്കുന്നതിനു് ഇത്തരം അർദ്ധ സൈനിക—സ്വകാര്യ—സേനകൾ രൂപവത്കരിക്കാറുണ്ടു്. ഇററലിയിൽ മുസ്സോളിനി രൂപവത്കരിച്ച കരിംകുപ്പായക്കാരെയും (ബ്ലാക് ഷർട്ട്) ജർമനിയിൽ ഹിററ്ലർ രൂപവല്ക്കരിച്ച തവിട്ടുകുപ്പായക്കാരെയും (ബ്രൗൺ ഷർട്ട്) കുറിച്ചു നാമെല്ലാം കേട്ടിട്ടുണ്ടു്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും തെക്കേ അമേ

രിക്കയിലെ പല ഏകാധിപതികളും, രാജ്യത്തിനകത്തുള്ള ജനാധിപത്യ വാദികളുടെ എതിർപ്പിനെ നേരിട്ടതു 'മരണസംഘങ്ങൾ' (ഡെത്ത് സ്ക്വാഡ്) രൂപവല്ക്കരിച്ചിട്ടാണ്. എതിരാളികളെ തട്ടിക്കൊണ്ടുപോക ലും തടങ്ങലിൽവെയ്ക്കലും തോന്നുമ്പോൾ കൊന്നുകളയലും അവിടങ്ങ ളിൽ സാധാരണസംഭവങ്ങളായിരുന്നു. എൽസാൽവഡോർ എന്ന തെക്കേ അമേരിക്കയിലെ രാഷ്ട്രത്തിൽ പട്ടാളത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന വലതുപക്ഷപ്പാർട്ടികളുടെ 'മരണസംഘ'ങ്ങൾ നാല്പതി നായിരത്തിലേറെ ഇടതുപക്ഷചിന്താഗതിക്കാരെ ഈ അടുത്ത വർഷങ്ങ ളിൽ ഇങ്ങനെ വകവരുത്തിയിട്ടുണ്ടത്രെ. സർക്കാരിന്റെ സഹായമുള്ളതി നാൽ ഈ 'മരണസംഘങ്ങൾ'ക്കു നിർബാധം പ്രവർത്തിക്കാൻ കഴി യുന്നു. സർക്കാരിനാകട്ടെ ഈ കുററങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാനും സാധിക്കുന്നു. അമേരിക്കൻ സെനററിന്റെ ഒരു സിലക്ട് കമ്മററി 1984—ൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ പറയുന്നു: 'ദേശീയ പോലീസ്, നാഷനൽ ഗാർഡ്, ട്രഷറി പോലീസ് എന്നിവയടക്കമുള്ള സാൽവഡോറിലെ ആഭ്യന്തര സംരക്ഷണസേനകളിൽനിന്നാണ 'മരണ സംഘ' പ്രവർത്തനങ്ങൾ ഉത്ഭവിച്ചതു്. ഈ സംഘങ്ങളുടെ പ്രവർത്തന ങ്ങൾ നടത്തുന്നതിലും അവയെ പ്രോത്സാഹിപ്പിക്കുന്നതിലും സാൽവ ഡോറിലെ പല പോലീസ്—പട്ടാള ഉദ്യോഗസ്ഥന്മാർക്കും മററു് ഉദ്യോ ഗസ്ഥന്മാർക്കും കൈയുണ്ടു്.'

വർണവിദ്വേഷത്തെ ആധാരമാക്കി നിലകൊള്ളുന്ന തെക്കേ ആഫ്രി ക്കയിലെ സർക്കാരും ഇത്തരം സ്വകാര്യ—അക്രമി—സംഘങ്ങളെ സംഘ ടിപ്പിച്ച്, അവയിലൂടെ കറുത്തവരുടെ സ്വാതന്ത്ര്യസമ്പാദനശ്രമങ്ങളെ തകർത്തുവരുന്നുണ്ടു്. കറുത്തവരെക്കൊണ്ടു കറുത്തവരെ അമർത്തുകയെന്ന 'ഭിന്നിപ്പിച്ചുഭരിക്കൽ' നയം അവർ സമർത്ഥമായി ഉപയോഗപ്പെടുത്തി വരുന്നു. 1976—ൽ സർക്കാരിന്റെ ഈ 'റൗഡിപ്പോലീസ്' സംഘങ്ങൾ ഒരു വശത്തും, ശരിയായ പോലീസുകാർ മറുവശത്തും ചേർന്നു തെക്കെ ആഫ്രിക്കയിലെ നഗരങ്ങളിൽ സ്വാതന്ത്ര്യപ്പോരാളികൾക്കെതിരെ നട ത്തിയ ക്രൂരകൃത്യങ്ങൾ മറക്കാൻ കാലമായിട്ടില്ല.

ഏതാണ്ടു നാലു ദശാബ്ദങ്ങളോളമായി ഗവണ്മെൻറിനെതിരെ സായു ധകലാപം നടത്തിവരുന്ന ഫിലിപ്പൈൻദ്വീപുകളിലെ കമ്യൂണിസ്റ്റ് ഒളിപ്പോരാളികൾക്കെതിരെ സ്വകാര്യ—റൗഡി—സംഘങ്ങളെ വലിയ തോതിൽ മിസ്സിസ് അക്വിനോവിന്റെ ഗവണ്മെൻറ് ഉപയോഗപ്പെടു ത്തിവരുന്നുണ്ടു്. ഇക്കാര്യത്തിൽ മിസ്സിസ് അക്വിനോയ്ക്കു് അമേരിക്കൻ സർക്കാർ പൂർണമായ പിന്തുണ നൽകിക്കൊണ്ടിരിക്കുന്നു.

'സ്ഥിരം കുററവാളികൾ, സംഘടിതമായ കള്ളക്കടത്തലും മയക്കു മരുന്നുകച്ചവടവുംപോലെയുള്ള കുററകൃത്യങ്ങളിൽനിന്നും പൊന്തിവരുന്ന തൊഴിലില്ലാത്ത ഫാഷിസ്റ്റ് മനഃസ്ഥിതിക്കാർ, ഉഗ്രയാഥാസ്ഥിതിക രാഷ്ട്രീയക്കാർ, വംശ—മതവിഭാഗ—തീവ്രവാദങ്ങളുടെ ഉല്പന്നങ്ങൾ മുത ലായവരിൽനിന്നാണ് ഇത്തരം സ്വകാര്യസേനകളിലേക്കു് ആളുകളെ തിരഞ്ഞെടുക്കുന്നതു്. ഫാഷിസ്റ്റ് 'മരണസംഘ'ങ്ങളും, സംഘടിതകുററ കൃത്യങ്ങളും മതമൗലികവാദ—വംശവാദങ്ങളും തമ്മിലുള്ള ബന്ധത്തിൽ നിന്നു്, മററു രാജ്യങ്ങളിൽ ഇടങ്കോലിടുന്ന വിദേശശക്തികൾ മുതലെടു ക്കുന്നു. തങ്ങൾ ഇഷ്ടപ്പെടാത്ത സർക്കാരുകളെ അസ്ഥിരപ്പെടുത്താനും, അതേസമയം ഉത്തരവാദത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കാനും ഈ വിദേശ ശക്തികൾക്കു് ഇത്തരം സ്വകാര്യസേനകൾ ഉപകരിക്കുന്നു.' ('ഹിന്ദു,' 6 ആഗസ്റ്റ്, 1987.)

മദ്ധ്യപൗരസ്ത്യപ്രദേശത്തു് ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടതി നെത്തുടർന്നു് മുസ്ലിംരാഷ്ട്രങ്ങളിൽ ഉളവായ വ്യാപകങ്ങളായ അസ്വാ

ദ്ധ്യങ്ങളിൽനിന്നു രൂപംകൊണ്ട ഒട്ടേറെ 'മരണസംഘ'ങ്ങൾ ലോകവ്യാപകങ്ങളായ അക്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. ജന്മനാട്ടിൽനിന്നു പുറംതള്ളപ്പെട്ട പാലസ്തീൻ അഭയാർത്ഥികളോട് അനുഭാവമുള്ളവർക്കുപോലും വിമാനം റാഞ്ചൽ, വ്യക്തികളെ തട്ടിക്കൊണ്ടുപോകലും കൊലപ്പെടുത്തലും, നിരപരാധികൾക്കെതിരെ ബോംബുപ്രയോഗം മുതലായ പല അക്രമപ്രവർത്തനങ്ങൾക്കും ഉത്തരവാദികളായ ഈ 'മരണസംഘ'ങ്ങളെ ന്യായീകരിക്കുവാനാവില്ല.

ഇററലിയിലെ റെഡ്ബ്രിഗേഡ്, ജപ്പാനിലെ റെഡ് ആർമി, പടിഞ്ഞാറെ ജർമനിയിലെ ബാദർ മൈൻഹോഫ്, ഫ്രാൻസിലെ ആക്ഷൻ ഡയരക്ട്, പെറുവിലെ ഷൈനിങ്പാത്ത് എന്നിവ ഇന്ത്യയിലെ നക്സലൈററ് ഗ്രൂപ്പുകൾപോലെ, ഇടതുപക്ഷലക്ഷ്യങ്ങൾ മുൻനിർത്തി ആസൂത്രിതമല്ലാത്ത അക്രമങ്ങൾ നടത്തുന്ന ചില സ്വകാര്യ–ഭീകര–സംഘങ്ങളാണ്. ബ്രിട്ടനിലെ ഗവണ്മെൻറിനെതിരെ ദീർഘകാലസമരം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്വകാര്യ–അക്രമി–സംഘമത്രേ ഐറിഷ് റിപ്പബ്ലിക്കൻ ആർമി. ബാസ്ക്ക് ദേശീയവാദികൾ സ്പാനിഷ് ഗവണ്മെൻറിനെതിരെ നടത്തിവരുന്ന രഹസ്യയുദ്ധവും ഈ കൂട്ടത്തിൽ സ്മരിക്കപ്പെടേണ്ടതാണ്.

ഭീകരപ്രവർത്തനങ്ങളിൽ ദരിദ്രരാഷ്ട്രങ്ങളിൽ സാധാരണ സംഭവങ്ങളാണെങ്കിലും, ഏററവുമധികം കൊലപാതകങ്ങൾ നടത്തുന്ന ഭീകരപ്രവർത്തകർ ഇന്ത്യയിലെ സിഖ് ഉഗ്രവാദികളാണെന്നതത്രേ ഞെട്ടിപ്പിക്കുന്ന ഒരു വസ്തുത. 1986 ഏപ്രിൽ മുതൽ 1987 മെയ്‌വരെയുള്ള ഒരു വർഷത്തിൽ സിഖ് ഉഗ്രവാദികൾ എഴുനൂററി മുപ്പത്തെട്ടുപേരെ കൊന്നൊടുക്കിയതായി പഞ്ചാബ് പോലീസ് തലവൻ റിബൈറോ പ്രസ്താവിച്ചിട്ടുണ്ട്. അതിനുശേഷമുള്ള നാലു മാസങ്ങളിലും ഭീകരപ്രവർത്തകർ നടത്തുന്ന കൊലപാതകങ്ങൾ ഏറുകയല്ലാതെ കുറഞ്ഞിട്ടില്ല. ഈ കൊലപാതകങ്ങൾക്ക് ഇരയാവുന്നവർ മിക്കവരും തികച്ചും നിരപരാധികളായ സാധാരണക്കാരാണെന്ന വസ്തുതയും എടുത്തു പറയേണ്ടതത്രേ.

മററു രാജ്യങ്ങളിൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങളിൽ പോലീസ് ഫലപ്രദമായി ഇടപെടുന്നുണ്ട്. അവിടെയൊക്കെ കുററവാളികൾ അറസ്റ്റ് ചെയ്യപ്പെടുന്നു; കോടതികൾ അവരെ വിചാരണചെയ്തു ശിക്ഷിക്കുന്നു. ശ്രീ രാജീവ്ഗാന്ധി ബ്രിട്ടൻ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയ രണ്ടു സിഖ് ഭീകരക്ക് ഒരു ബ്രിട്ടീഷ് കോടതി പതിനാറും പതിന്നാലും വർഷത്തെ തടവു ശിക്ഷ വിധിക്കുകയുണ്ടായി. ഇതുപോലെ അമേരിക്കയിലെയും കാനഡയിലെയും കോടതികളും സിഖ് ഭീകരരെ കുററം ചുമത്തി വിചാരണ നടത്തി ശിക്ഷിച്ചിട്ടുണ്ട്. സിഖുകാരല്ലാത്ത ഭീകരർക്കും മററു രാജ്യങ്ങളിൽ ഏറെക്കാലം ശിക്ഷയിൽനിന്ന് ഒഴിഞ്ഞുനില്ക്കുക സാദ്ധ്യമല്ല.

പക്ഷേ, ഇന്ത്യയിൽ ഏതെങ്കിലും കോടതി വിചാരണചെയ്തു ശിക്ഷിച്ച സിഖ് ഭീകരർ ഇന്ദിരാഗാന്ധിയുടെ ഘാതകർ മാത്രമാണ്. സന്ത്ഹർചന്ദ്സിംഹ് ലോംഗോവാൽ കൊലചെയ്യപ്പെട്ട രണ്ടു വർഷത്തിനുശേഷവും അദ്ദേഹത്തിൻെറ ഘാതകരെ വിചാരണയ്ക്കു വിധേയരാക്കാൻ പഞ്ചാബ് ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. ഉഗ്രവാദികളോടുള്ള ഭയം നിമിത്തം, അവർക്കെതിരെ സാക്ഷി പറയാൻ ഇന്ത്യയിൽ ആരും ധൈര്യപ്പെടുന്നില്ല എന്നതാണ് ഇതിനു കാരണം. പോലീസുകാർക്കു വേണമെങ്കിൽ ഉഗ്രവാദികളെ വെടിവെച്ചു കൊല്ലാം. അല്ലെങ്കിൽ അനിശ്ചിതകാലത്തേക്കു തടങ്ങലിൽവയ്ക്കാം. ഇന്നല്ലെങ്കിൽ നാളെ രാഷ്ട്രീയക്കാർ തങ്ങളെ വെറുതെ വിട്ടയയ്ക്കാതിരിക്കുകയില്ലെന്നു തടങ്ങലിലിരി

ക്കന്ന സിഖ് ഉഗ്രവാദികൾക്ക് ഉറപ്പുണ്ട്. അവരുടെ അണികൾ പെരുകിവരുന്നതിന് ഒരു കാരണം ഈ ഉറപ്പാകുന്നു.

കുററവാളികളെ കോടതികളിൽ ഹാജരാക്കുന്നതും, കുററം തെളിയിച്ച് അവരെ സാധാരണ ക്രിമിനൽ നിയമങ്ങളനുസരിച്ച് ശിക്ഷിക്കുന്നതും പരിഷ്കൃതസർക്കാരുകളുടെ കടമയാണ്. സിഖ് ഉഗ്രവാദികളെ സംബന്ധിച്ചിടത്തോളം ഈ കടമ നിറവേററുന്നതിൽ പഞ്ചാബ് ഗവണ്മെൻറാ, ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറാ ഇന്നോളം പരാജയപ്പെട്ടിരിക്കുന്നു. ഈ നില തുടരുന്ന കാലത്തോളം സിഖുകാരുടെ ഉഗ്രവാദത്തെ പൂർണമായും അവസാനിപ്പിക്കുക അസാദ്ധ്യമായിരിക്കും.

(31 ആഗസ്റ്റ് 1987)

# 6. ഇന്ത്യ-ശ്രീലങ്ക കരാർ

1987 ജൂലൈ 29—ാം തീയതി ശ്രീലങ്ക ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൻെറ പ്രസിഡണ്ടായ ശ്രീ ജെ. ആർ. ജയവർധനേയും ഇന്ത്യൻ റിപ്പബ്ലിക്കിൻെറ പ്രധാനമന്ത്രിയായ ശ്രീ രാജീവ്ഗാന്ധിയും കൊളംബോനഗരത്തിൽ ഒപ്പുവെച്ച കരാർ സമകാലചരിത്രത്തിലെ സുപ്രധാന രേഖകളിലൊന്നാണ്. കരാറിൻെറ ഉള്ളടക്കത്തിലേക്കും, കരാർ നടപ്പിൽ വന്നാൽ അതിൻെറ ഫലമായി ശ്രീലങ്കയിലും ഇന്ത്യയിലും പ്രത്യേകമായും ദക്ഷിണേഷ്യയിൽ സാമാന്യേനയും ഉണ്ടാകാവുന്ന സംഭവവികാസങ്ങളിലേക്കും പ്രവേശിക്കുന്നതിനു മുമ്പിൽ, കരാറിലേക്കു നയിച്ച ചരിത്രവസ്തുതകളെപ്പററി സംക്ഷിപ്തമായി പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

1947—ൽ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയ ശ്രീലങ്ക 1972—ൽ ഒരു റിപ്പബ്ലിക് ആയി പ്രഖ്യാപിക്കപ്പെട്ടു. 65,610 ചതുരശ്ര കിലോമീററോളം വലിപ്പമുള്ള ശ്രീലങ്കയിൽ (കേരളം:38,863 ചതുരശ്ര കിലോമീററർ) 1981—ലെ ജനഗണനപ്രകാരം 1,48,46,750 ജനങ്ങൾ ആണുള്ളത്. (കേരളത്തിൽ 2,54,53,680). ശ്രീലങ്കയിലെ ജനങ്ങളിൽ വലിയ ഭൂരിപക്ഷം, ഇന്ത്യയിലെ ബീഹാർ, ബംഗാൾ, ഒറീസ്സ മുതലായ പ്രദേശങ്ങളിൽനിന്നു ക്രി. മു. ആറാം നൂററാണ്ടുമുതൽ അവിടെ കുടിയേറിപ്പാർത്ത സിംഹളരാണ്. ഇവർ ഹീനയാന ബുദ്ധമത വിശ്വാസികളാകുന്നു. ഇവരുടെ ആറിലൊന്നോളം വരും, ക്രിസ്തുവർഷാരംഭംമുതല്ക്കുതന്നെ ശ്രീലങ്കയുടെ വടക്കും കിഴക്കും പ്രദേശങ്ങളിൽ കുടിയേറിപ്പാർത്ത ഹിന്ദുമതവിശ്വാസികളായ തമിഴർ. ഇവർക്കു പുറമേ, 'മൂറുകൾ' എന്നറിയപ്പെടുന്ന പത്തര ലക്ഷത്തോളം മുസ്ലിങ്ങളും 'ബർഗർമാർ' എന്നറിയപ്പെടുന്ന കുറെ ആംഗ്ലോ—സിംഹളരും തോട്ടങ്ങളിൽ തൊഴിലാളികളായ, ശ്രീലങ്കാപൗരത്വമില്ലാത്ത, രണ്ടര ലക്ഷത്തോളം ഇന്ത്യൻ തമിഴരും ശ്രീലങ്കയിലെ നിവാസികളിൽപ്പെടുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസകാര്യത്തിൽ സിംഹളരേക്കാൾ എത്രയോ മുന്നിട്ടുനിന്നിരുന്ന ശ്രീലങ്കയിലെ തമിഴർക്ക്, സ്വാതന്ത്ര്യം കൈവരുന്ന അവസരത്തിൽ, ജനസംഖ്യാനുപാതത്തിൽ കവിഞ്ഞ പ്രാതിനിധ്യം അവിടത്തെ സക്കാറുദ്യോഗങ്ങളിലുണ്ടായിരുന്നു. 1956—ൽ സിംഹളക്ക് ബഹുഭൂരിപക്ഷമുള്ള അന്നത്തെ ശ്രീലങ്ക പാർലമെൻറിനു് അവിടത്തെ ഏകഭരണഭാഷ സിംഹളം ആയിരിക്കുമെന്നു പ്രഖ്യാപിച്ചു. തമിഴ്—ഭൂരിപക്ഷ—പ്രദേശങ്ങളിൽ ഭരണത്തിൻെറ ഉചിതതലങ്ങളിൽ തമിഴ് ഉപ